**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2619** **06-10-2025 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിലെ തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരി മണ്ഡലത്തിൽ വിരുപ്പാക്കയിൽ സ്ഥിതി ചെയ്യുന്ന തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽസ് ലേ ഓഫിലായതിനെ തുടർന്ന് മില്ലിനെയും മില്ലിൽ ജോലി ചെയ്തിരുന്ന തൊഴിലാളികളെയും സംരക്ഷിക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | തൃശ്ശൂർ ജില്ലയിലെ വിരുപ്പാക്ക വില്ലേജിൽ സ്ഥിതി ചെയ്യുന്ന തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിൽ 30 കോടി രൂപയുടെ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയെങ്കിലും രാജ്യത്താകമാനമുണ്ടായ ടെക്സ്റ്റൈൽ വ്യവസായ മേഖലയിലെ പ്രതിസന്ധി, അസംസ്കൃതവസ്തുവിന്റെ ലഭ്യതക്കുറവ്, സാമ്പത്തിക പ്രതിസന്ധി എന്നിവ കാരണം 06/02/2023 മുതൽ ലേ ഓഫിലാണ്.<br><br>ഓണത്തിനോടനുബന്ധിച്ച്, സംസ്ഥാനത്തെ അടഞ്ഞു കിടക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് തൊഴിൽവകുപ്പിൽ നിന്നുള്ള 2000 രൂപയുടെ ധനസഹായം മില്ലിലെ ജീവനക്കാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ജീവനക്കാർക്ക് 2023 ഫെബ്രുവരിയിലെ ശമ്പള/ വേതന കുടിശ്ശികയും കൂടാതെ, മില്ലിലെ സ്ഥിരം ജീവനക്കാർക്ക് ഓണ അഡ്വാൻസായി 5000 രൂപ വീതവും നൽകിയിട്ടുണ്ട്. മില്ലിൽ നിന്നും അവസാനം പിരിഞ്ഞുപോയ 25 ജീവനക്കാർക്ക് ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ നിന്നും ലഭിക്കാനുള്ള തുകയും ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ മിൽ റോളിൽ സ്ഥിരം/ കോൺട്രാക്റ്റ്/സെക്യൂരിറ്റി എന്നീ വിഭാഗങ്ങളിലായി 138 ജീവനക്കാരുണ്ട്.<br><br>ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി ഇനത്തിലെ കുടിശ്ശിക നൽകുന്നതിന് 15 ലക്ഷം രൂപയും 2024-25 സാമ്പത്തിക വർഷം അനുവദിച്ചു നൽകിയിട്ടുണ്ട്.<br><br>വിരമിച്ച 192 ജീവനക്കാർക്ക് ഗ്രാറ്റുവിറ്റിയിനത്തിൽ 4 കോടി 81 ലക്ഷം രൂപ കുടിശ്ശികയുണ്ട്. നടപ്പു സാമ്പത്തികവർഷം വ്യവസായ വകുപ്പിന് കീഴിലുള്ള 24 പൊതുമേഖലാ സ്ഥാപനങ്ങളുടെ Statutory dues/ commitments പരിഹരിക്കുന്നതിനായി 4250 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയതിൽ തൃശ്ശൂർ |

| | | | |
|---|---|---|---|
| | | | സഹകരണ സ്പിന്നിംഗ് മില്ലിന്റെ ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ ഘട്ടം ഘട്ടമായി തീർക്കുന്നതിനും റവന്യൂ റിക്കവറികൾ ഒഴിവാക്കുന്നതിനുമായി 410 ലക്ഷം രൂപ ഉൾപ്പെടുത്തുകയും തുകയുടെ റിലീസ് സംബന്ധിച്ച നടപടികൾ സ്വീകരിച്ച് വരികയുമാണ്. പ്രസ്തുത തുക ലഭ്യമാക്കി ജീവനക്കാർക്കുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക തീർപ്പാക്കാവുന്നതാണ്. |
| (ബി) | സ്പിന്നിംഗ് മില്ലിന്റെ ഉടമസ്ഥതയിൽ വാഴാനി ഡാമിനോട് ചേർന്നുള്ള പത്ത് ഏക്കർ ഭൂമിയിൽ ടൂറിസം അനുബന്ധ വ്യവസായങ്ങൾ ആരംഭിക്കുന്ന വിഷയം പരിഗണിക്കാമോ; | (ബി) | കേരളത്തിൽ വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മില്ലുകൾ, സർക്കാർ അനുമതിയോടെ, അതാത് പ്രദേശത്തിന് അനുയോജ്യമായ രീതിയിൽ അധിക ഭൂമി വ്യവസായികാവശ്യങ്ങൾക്കായി വിനിയോഗിച്ച് വരുമാനം കണ്ടെത്തുവാനും ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾ വാടക/പാട്ടം മുഖേന വ്യവസായികാവശ്യങ്ങൾക്കായി ഉപയോഗ പ്പെടുത്തുവാനുള്ള ശിപാർശകൾ പരിഗണിക്കുവാനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.<br><br>ഇത്തരത്തിൽ മില്ലിന്റെ ഉടമസ്ഥതയിൽ വാഴാനി ഡാമിനോട് ചേർന്നുള്ള നിലവിലുള്ള 10 ഏക്കർ ഭൂമിയിൽ അനുബന്ധ വ്യവസായങ്ങൾ ആരംഭിക്കാനുള്ള നടപടികൾ പരിഗണിക്കാവുന്നതാണ്. |
| (സി) | മുപ്പത് കോടി രൂപയുടെ നവീകരണ പ്രവർത്തനങ്ങൾ നടക്കുകയും കോട്ടൺ ബോർഡ് വഴി കോട്ടൺ വാങ്ങാൻ സാധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിലേയ്ക്കായി ആധുനികവൽക്കരണ പദ്ധതിയ്ക്ക് കീഴിൽ 2024-25 സാമ്പത്തിക വർഷം 100 ലക്ഷം രൂപയും 2025-26 സാമ്പത്തിക വർഷം 85 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയതിൽ നിന്നും ഒന്നാം ഘട്ടമായി 30 ലക്ഷം രൂപയും റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്.<br><br>2023-24 സാമ്പത്തിക വർഷം സഹകരണ സ്പിന്നിംഗ് മില്ലുകൾക്ക് പ്രവർത്തനമൂലധനയിനത്തിൽ ഇ-ലാംസിൽ പോസ്റ്റ് ചെയ്തിരുന്ന 70 ലക്ഷം രൂപയിൽ നിന്നും തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിന് 2024-25 സാമ്പത്തിക വർഷം 10.28 ലക്ഷം രൂപ നൽകിയിട്ടുണ്ട്.<br><br>2025-26 സാമ്പത്തികവർഷം വ്യവസായ വകുപ്പിന് കീഴിലുള്ള 26 സ്ഥാപനങ്ങൾക്ക് പ്രവർത്തനമൂലധന പിന്തുണ നൽകുന്നതിനായി 47 കോടി രൂപയ്ക്ക് ഭരണാനുമതി നൽ കിയതിൽ തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിനായി 50 ലക്ഷം രൂപ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തുകയും അതിൽ 20 ലക്ഷം രൂപ റിലീസ് ചെയ്തു നൽകുകയുമുണ്ടായി.<br><br>മില്ലിനുണ്ടായിരുന്ന 23 കോടി രൂപയുടെ വൈദ്യുതി കുടിശ്ശിക സർക്കാർ മിൽ ബാധ്യതയിൽ നിന്നും എഴുതിത്തള്ളുകയുണ്ടായി.<br><br>മില്ലിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനായുള്ള ശക്തമായ നടപടികളുടെ ഭാഗമായി നിലവിലുണ്ടായിരുന്ന ഡയറക്ടർ ബോർഡിനെ പുനസംഘടിപ്പിക്കുകയുണ്ടായി. കൂടാതെ, മിൽ ഓഫീസ് തുറന്നു പ്രവർത്തിപ്പിക്കുവാനും സാധ്യമായി.<br><br>തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിന് ലഭ്യമായ/ അനുമതി നൽകിയിട്ടുള്ള സാമ്പത്തിക സഹായം കണക്കിലെടുത്ത് മില്ലിൽ നിലനിൽക്കുന്ന കുടിശ്ശികകൾ/പ്രതിസന്ധി അവസ്ഥകൾ പരമാവധി തീർപ്പാക്കി/കൈക്കാര്യം ചെയ്ത് മിൽ തുറന്നു പ്രവർത്തിക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ തുറന്നു പ്രവർത്തിക്കുവാൻ സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചു വരികയാണ്. മില്ലിൽ പുതിയ HT പവർ ലഭ്യമാക്കി മെഷീനുകൾ ഓരോന്നായി പ്രവർത്തിപ്പിക്കുകയും അസംസ്കൃത വസ്തുക്കൾ കോട്ടൺ ബോർഡ് വഴി ലഭ്യമാക്കി മില്ലിനെ ചുരുങ്ങിയ കാലയളവിൽ പ്രവർത്തനമികവിൽ എത്തി ക്കാമെന്ന് പ്രതീക്ഷിക്കുന്നു |

സെക്ഷൻ ഓഫീസർ